പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. * 306

10.05.2017- ൽ
മറുപടിയ്ക്ക്

# 1977 ന് മുമ്പ് ഭൂമി കൈവശം വച്ചിട്ടുള്ള എല്ലാവർക്കും പട്ടയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ**<br>" **രാജു എബ്രഹാം**<br>" **കാരാട്ട് റസാഖ്**<br>,, **കെ.കുഞ്ഞിരാമൻ** | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 1977 ന് മുമ്പ് ഭൂമി കൈവശം വച്ചിട്ടുള്ള എല്ലാവർക്കും 2017 മേയ് മാസത്തിൽ പട്ടയം നൽകാൻ മുഖ്യമന്ത്രി വിളിച്ചുചേർത്ത സർക്കാരിന്റെ ഉന്നതതല യോഗം തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; | (എ) | 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടത്തിന് വിധേയമായി 01.01.1977 ന് മുമ്പുള്ളതും നിയമപരമായി അർഹതയുള്ളവരുമായ കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്ന് 04.01.2017 ലും 21.04.2017 ലും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മെയ് 13 നും ഇടുക്കിയിൽ മെയ് 21 നും പട്ടയവിതരണത്തിനുള്ള പരിപാടികൾ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ യോഗതീരുമാനപ്രകാരം റവന്യൂ അധികൃതർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇന്നത്തെ നിലയിൽ അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകാൻ എന്നത്തേക്ക് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗതീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ ഏഴ് ഭൂമി പതിവ് ഓഫീസുകൾ മുഖേന അർഹരായ മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിനുള്ള ഊർജ്ജിത കർമ്മപദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നടന്നുവരുന്നു. ഏകദേശം 5000 ലധികം പട്ടയം ഈ മാസാവസാനത്തോടെ വിതരണം ചെയ്യും. എറണാകുളം ജില്ലയിൽ സംയുക്ത പരിശോധന കഴിഞ്ഞ ആലുവ, കുന്നത്തുനാട് താലൂക്കുകളിൽ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 1/2017 മുതൽ 4/2017 വരെ 23 അപേക്ഷകളിലായി 5.5814 ഹെക്ടർ |

| | | | |
|---|---|---|---|
| | | | വനഭൂമി പതിച്ച് നൽകിയിട്ടുള്ളതും ഇതുവരെയായി മൊത്തം 3956 പേർക്കായി 1171.8005 ഹെക്ടർ വനഭൂമി പതിച്ചു നൽകിയിട്ടുള്ളതുമാണ് അർഹതപ്പെട്ടവർക്കെല്ലാം പതിവ് ചട്ടത്തിലെ നടപടിക്രമം പാലിച്ച് പട്ടയം നൽകുന്നതാണ്. |
| (സി) | പത്ത് സെന്റിൽ താഴെ കൈവശം വെച്ച് വീടും കൃഷിയുമായി കഴിയുന്നവർക്ക്, പ്രത്യേകിച്ച് മറ്റ് ഭൂമി സ്വന്തമായിട്ടില്ലാത്തവർക്ക് കൂടി പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഇക്കാര്യത്തിൽ നിയമം അനുശാസിക്കുംവിധം തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**